# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 കെ. യു എച്ച്. ക്യൂ, തീയതി: 02.11.2020

<u>പ്രസിദ്ധീകരണത്തിന്</u>

### <u>പരീക്ഷാ വിജ്ഞാപനം</u>

**ഏഴാം** സെമസ്റ്റർ, **കംബൈൻഡ് ഒന്നും രണ്ടും** സെമസ്റ്റർ **ബി. ടെക്.** ഡിഗ്രി സപ്ലിമെന്ററി പരീക്ഷകൾ വിജ്ഞാപനം ചെയ്തു. **10.11.2020** മുതൽ **13.11.2020** വരെ പിഴയില്ലാതെയും **16.11.2020** വരെ പിഴയോടുകൂടെയും അപേക്ഷിക്കാം. അപേക്ഷകളുടെ പ്രിന്റൌട്ടും ചലാനും **24.11.2020** ന് വൈകുന്നേരം 5 മണിക്കകം സർവകലാശാലയിൽ സമർപ്പിക്കണം. പരീക്ഷാ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ.

### <u>ടൈംടേബിൾ</u>

**16.11.2020** ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെ **രണ്ടാം** സെമസ്റ്റർ **ബിരുദാനന്തര ബിരുദ** റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് (ഏപ്രിൽ 2020) പരീക്ഷാ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

### <u>പരീക്ഷാകേന്ദ്രമാറ്റം</u>

**16.11.2020** ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെ **രണ്ടാം** സെമസ്റ്റർ **ബിരുദാനന്തര ബിരുദ** റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് (ഏപ്രിൽ 2020) പരീക്ഷാകേന്ദ്രമാറ്റം അനുവദിക്കുന്നതല്ല. എന്നാൽ മറ്റ് ജില്ലകളിലെ കോളേജുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് കോവിഡ് സാഹചര്യത്തിൽ അവർ പഠിക്കുന്ന കോളേജിൽ പരീക്ഷക്ക് ഹാജരാകാൻ സാധ്യമാവുകയില്ലെങ്കിൽ അവർക്ക് സ്വന്തം ജില്ലയിലെ ചുവടെ നൽകിയ കോളേജുകളിൽ പരീക്ഷയെഴുതുവാൻ അനുവദിക്കുന്നതാണ്.

- എസ്. എൻ. കോളേജ് കണ്ണൂർ
- ഗവ. കോളേജ് കാസറഗോഡ്
- ഗവ. കോളേജ് മാനന്തവാടി

അർഹരായ വിദ്യാർഥികളുടെ പട്ടികവിവരം ശിപാർശ സഹിതം പ്രിൻസിപ്പൾമാർ **05.11.2020** ന് വൈകുന്നേരം 5 മണിക്കകം പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കണം. വൈകിവരുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

### <u>രണ്ടാം വർഷ എം എ ഇംഗ്ലീഷ് (വിദൂരവിദ്യാഭ്യാസം- റെഗുലർ /സപ്ലിമെന്ററി / ഇമ്പ്രൂവ്മെന്റ്) - ജൂൺ 2020) വാചാപരീക്ഷ</u>

**രണ്ടാം** വർഷ **എം. എ. ഇംഗ്ലീഷ്** (വിദൂരവിദ്യാഭ്യാസം - റെഗുലർ/ സപ്ലിമെന്ററി/ ഇമ്പ്രൂവ്മെന്റ്) ജൂൺ 2020 ഡിഗ്രിയുടെ വാചാപരീക്ഷ **12.11.2020, 13.11.2020** തീയതികളിൽ താവക്കര ക്യാംപസിലെ യു. ജി. സി. ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററിൽ വച്ച് കോവിഡ് - 19 മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്നതാണ്. രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളും സമയക്രമം പാലിച്ച് കൊണ്ട് താവക്കര സർവ്വകലാശാലാ ക്യാമ്പസ്സിൽ ഹാജരാക്കേണ്ടതാണ്. പ്രായോഗിക/ വാചാപരീക്ഷാ നടത്തിപ്പിനുള്ള

എല്ലാവരും കർശനമായി പാലിക്കേണ്ടതാണ്. വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**ഒപ്പ്/-**
**അസിസ്റ്റന്റ് രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**